കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.151/2024 തിരുവനന്തപുരം, തീയതി: 08/07/2024

# പത്രക്കുറിപ്പ്

## ബി.എഡ്. പ്രവേശനം 2024–2025 കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി നിലവിൽ രജിസ്ട്രേഷൻ ഉള്ളവർക്ക്, ഓപ്ഷൻ നൽകാവുന്നതാണ്

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് (Aided) കോളേജുകളിലെ ബി.എഡ്. കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി ഓപ്ഷനുകൾ നൽകേണ്ടതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവർക്കും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവർക്കും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവർക്കും നിലവിൽ അഡ്മിഷൻ ലഭിക്കാത്തവർക്കും കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.
- മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ് സി.എസ്.ഐ. മധ്യകേരള മഹാഇടവകയുടെ കീഴിൽ വരുന്ന എയ്ഡഡ് കോളേജായതിനാൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ജനറൽ, ക്രിസ്ത്യൻ, സാംബവ ക്രിസ്ത്യൻ, ചേരമർ ക്രിസ്ത്യൻ എന്നിവർക്ക് ഈ കോളേജിലേക്ക് കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിക്കാവുന്നതാണ്.
- കമ്മ്യൂണിറ്റി സീറ്റുകൾ ലഭ്യമായിട്ടുള്ള മുഴുവൻ കോളേജുകളുടെ ലിസ്റ്റും അതാത് കമ്മ്യൂണിറ്റിയും പ്രോസ്പെക്ടസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബോട്ടണി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ എത്തനോ ബോട്ടണി & എത്തനോ ഫാർമക്കോളജി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 ജൂലൈ 16 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ അവസാന വർഷ ബി.കോം. ആന്വൽ സ്കീം (റെഗുലർ, സപ്ലിമെന്ററി & മേഴ്സിചാൻസ്) ഏപ്രിൽ 2024 പരീക്ഷകളുടെ ഫലം പ്രസിദ്ധികരിച്ചു. സൂക്ഷ്മപരിശോധനക്കും പുനർമൂല്യനിർണ്ണയത്തിനും 2024 ജൂലൈ 22 വരെ ഓൺലൈൻ/ഓഫ്ലൈൻ ആയി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. മൂന്നാം വർഷ വിദ്യാർത്ഥികളിൽ ഒന്നും രണ്ടും വർഷ പാർട്ട് III സപ്ലിമെന്ററി പരീക്ഷകൾ എഴുതിയ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

## സ്പോർട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നാല് വർഷ ബിരുദ കോഴ്സുകളിലേക്ക് (2024-25 അധ്യയന വർഷം) എസ്.സി/എസ്.ടി. വിഭാഗങ്ങളിൽ നിന്നും ഒഴിവുള്ള സീറ്റുകളിലേക്ക് 2024 ജൂലൈ 10 ന് കാര്യവട്ടം ക്യാമ്പസ്സിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ രേഖകളുമായി 2024 ജൂലൈ 10 ന് അതാത് പഠന വകുപ്പുകളിൽ രാവിലെ 10 മണിക്ക് മുൻപായി എത്തിച്ചേരേതാണ്. ഒഴിവുകൾ – കോമേഴ്സ് – ST - 1, മലയാളം SC - 3, ST - 1, സംസ്കൃതം SC - 3, ST - 1, എക്കണോമിക്സ് ST - 1, പൊളിറ്റിക്കൽ സയൻസ് ST - 1, മാത്തമാറ്റിക്സ് SC - 1, ST - 1, സൈക്കോളജി ST - 1, കെമിസ്ട്രി ST - 1, ഫിസിക്സ് ST - 1, ജിയോളജി ST - 1, ഹിന്ദി SC - 3, ST - 1, ബി.ബി.എ ST - 1, കമ്പ്യൂട്ടർ സയൻസ് ST - 1.

## പി.ജി ഡിപ്ലോമ ഇൻ അറബിക് ട്രാൻസിലേഷൻ (റെഗുലർ) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല അറബിക് വിഭാഗത്തിൽ പുതിയതായി ആരംഭിക്കുന്ന പി.ജി ഡിപ്ലോമ ഇൻ അറബിക് ട്രാൻസിലേഷൻ (റെഗുലർ) കോഴ്സിലേക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : അറബി ഭാഷയിൽ ബിരുദം/തത്തുല്യം. പ്രവേശന പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ. 2024 ജൂലൈ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും കേരള സർവകലാശാലയുടെ വെബ്സൈറ്റ് സന്ദർശിക്കുക. www.keralauniversity.ac.in, www.arabicku.in, ഫോൺ: 9747318105.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in